## കുഞ്ഞാടായ ക്രിസ്തുവിനെ ജയിക്കുന്നവരായ ആദ്യഫലം അനുഗമിക്കുന്നു

**I. വെളിപ്പാട് 14:1-5 ക്രിസ്തുവിനെ ജയിക്കുന്നവരായ ആദ്യഫലം അനുഗമിക്കുന്ന കുഞ്ഞാടായി വെളിപ്പെടുത്തുന്നു**

- ആദ്യഫലം ജീവിച്ചിരിക്കുന്ന ജയാളികളാണ്, അവർ ദൈവത്തിന്റെ വിളഭൂമിയിൽ ആദ്യം വിളയുന്നവരായിരിക്കും
  - കർത്താവിന്റെ സന്നിധിയിലേക്ക് എടുക്കപ്പെടണമെങ്കിൽ, ഇന്ന് നാം അവന്റെ സന്നിധിയിൽ ആയിരിക്കണം
  - തന്റെ ശത്രുവിനെതിരെ പോരാടാൻ കർത്താവിന് ആൺകുട്ടിയെ ആവശ്യമാണ്, എന്നാൽ അവന്റെ സംതൃപ്തിക്കും ആസ്വാദനത്തിനും വേണ്ടി അവന് ആദ്യഫലം അതിലും അധികമായി ആവശ്യമാണ്
- ഉൾപ്രാപണത്തിന്റെ രണ്ട് വശങ്ങൾ—മഹോപദ്രവത്തിനു മുമ്പുള്ള ജയാളികളുടെ ഉൾപ്രാപണവും മഹോപദ്രവത്തിന്റെ അവസാനത്തിൽ ഭൂരിപക്ഷം വിശ്വാസികളുടെ ഉൾപ്രാപണവും
- ആദ്യഫലം ദൈവത്തിന് പുതുമയുള്ള ആസ്വാദനമായി സീയോനിലെ ദൈവത്തിന്റെ ആലയത്തിലേക്ക് ഉൾപ്രാപിതരാകുന്നു; ഇത് ദൈവത്തിന്റെ സംതൃപ്തിക്കുവേണ്ടിയാണ്
- ആദ്യഫത്തിന് അവരുടെ നെറ്റിയിൽ കുഞ്ഞാടിന്റെയും അവന്റെ പിതാവിന്റെയും നാമം എഴുതപ്പെട്ടിട്ടുണ്ട്; ഇത് അവർ കുഞ്ഞാടിനോടും പിതാവിനോടും ഒന്നായിരിക്കുന്നതിന്റെയും അവർ കുഞ്ഞാടിനും പിതാവിനും സ്വന്തമാണെന്നതിന്റെയും അഭിധാനമാണ്
- ദൈവത്തിന്റെ വിളവിനിടയിൽ ഏറ്റവും ആദ്യം പക്വത പ്രാപിക്കുന്നവരാണ് ആദ്യഫലം
  - രൂപാന്തരപ്പെടുക എന്നാൽ നമ്മുടെ സ്വാഭാവിക ജീവനിൽ മാറ്റമുണ്ടാവുക എന്നാണ്; പക്വത പ്രാപിക്കുക എന്നാൽ നമുക്കു മാറ്റം വരുത്തുന്ന ദിവ്യജീവനാൽ നിറയുക എന്നാണ്
  - ദൈവത്തിന്റെ ആവിഷ്കാരത്തിന് പക്വതയുടെ ആവശ്യമുണ്ട്; പക്വതയുള്ള ഒരു ജീവന് മാത്രമേ ദൈവത്തിന്റെ സ്വരൂപം വഹിക്കുവാനും അവന്റെ ആധിപത്യം പ്രയോഗിക്കുവാനും കഴിയുകയുള്ളൂ

## ആദ്യഫലമായിത്തീരുവാൻ നാം വിശ്വാസത്താൽ ദൈവത്തോടുകൂടെ നടക്കണം

**II. ആദ്യഫലമായിത്തീരുവാൻ നാം കുഞ്ഞാടിനെ അനുഗമിച്ച് പക്വതയിലേക്ക് എത്തുന്നതിന്, മരണത്തിൽനിന്ന് രക്ഷപ്പെടുന്നതിനും ദൈവത്തിന് സുപ്രസാദമുള്ളവരാകുന്നു എന്ന സാക്ഷ്യം നേടുന്നതിനും നാം വിശ്വാസത്താൽ ദൈവത്തോടുകൂടെ നടക്കണം**

- മരണത്തിൽനിന്ന് രക്ഷപ്പെടുവാനും ദൈവത്തിന് സുപ്രസാദമുള്ളവരെന്ന സാക്ഷ്യം നേടുവാനുമുള്ള മാർഗം ദൈവത്തോടുകൂടെ നടക്കുകയാണ്
  - ദൈവത്തെ മറികടക്കാതിരിക്കുക, അവനെ നമ്മുടെ കേന്ദ്രവും സകലവുമായി എടുക്കുക, ക്രിസ്തു താൻതന്നെയാകുന്ന അമർത്യജീവനാൽ ജീവിക്കുക, ദൈവവുമായി പതിവായ കൂട്ടായ്മ ഉണ്ടായിരിക്കുക, അവന്റെ നിരന്തരമായ നിവേശനത്തിന് കീഴിലായിരിക്കുക, നമ്മുടെ ആത്മാവിനെ നിരന്തരം അഭ്യസിക്കുക, നമ്മെത്തന്നെ അവനു നൽകുക, അവനെ നേതൃത്വം എടുക്കുവാൻ അനുവദിക്കുക
  - ദൈവത്തോടുകൂടെ നടക്കുക എന്നാൽ വിശ്വാസത്താൽ നടക്കുക എന്നാണ്
  - വിശ്വാസം എന്നാൽ ദൈവം ആകുന്നു എന്ന് നാം വിശ്വസിക്കുന്നതാണ്
  - വിശ്വാസം എന്നാൽ ദൈവം തന്നെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം നൽകുന്നവനാണെന്ന് നാം വിശ്വസിക്കുന്നതാണ്
- ഒന്നാമതായി ഉൾപ്രാപിതനായ വ്യക്തി എന്ന നിലയിൽ ഹാനോക്, ജീവിച്ചിരിക്കുമ്പോൾ ഉൾപ്രാപിതരാകുന്ന എല്ലാ ജയാളികളുടെയും പ്രതിനിധിയാണ്
  - നാം ഉൾപ്രാപിതരാകുന്നത് അവനോടുകൂടെയുള്ള നമ്മുടെ നടപ്പിനാൽ നാം ദിവ്യജീവനിൽ പക്വത പ്രാപിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു
  - ഹാനോക് ഓരോ ദിവസവും അവനോട് കൂടുതൽ അടുക്കുകയും ദൈവവുമായി കൂടുതൽ ഒന്നായിത്തീരുകയും ചെയ്തുകൊണ്ട്, "ദൈവം അവനെ എടുത്തുകൊണ്ടതിനാൽ" കാണാതാകുവോളം, ഓരോ ദിവസവും ദൈവത്തോടുകൂടെ രാപ്പകൽ തുടർമാനമായി മേലോട്ട് നടന്നു

## ആദ്യഫലമായിത്തീരുവാൻ നാം സേവനത്തിൽ വിശ്വസ്തരായിരിക്കണം

**III. ആദ്യഫലമാകുവാൻ കുഞ്ഞാടിനെ അനുഗമിച്ച് പക്വതയിലേക്ക് എത്തുന്നതിന്, വരുവാനിരിക്കുന്ന രാജ്യത്തിൽ നമ്മുടെ പ്രതിഫലമായി ക്രിസ്തുവിനെ നേടുന്നതിന്, ദൈവത്തിന്റെ ഭവനക്കാർക്ക് അവനെ ഭക്ഷണമായി നൽകുവാനുള്ള കർത്താവിന്റെ നിയോഗത്തിൽ നാം സേവനത്തിൽ വിശ്വസ്തരായിരിക്കണം**

- ദൈവത്തിന് ഒരു ഭവനക്കാരും, ഒരു ഭവന കാര്യനിർവഹണം എന്ന ഒരു വ്യവസ്ഥയും ഉണ്ട്, അത് തന്റെ ആവിഷ്കാരത്തിനായി തന്റെ ഭവനത്തിലെ അംഗങ്ങൾക്ക് അവനെത്തന്നെ ഭക്ഷണമായി പകരുന്നതാണ്
- തന്റെ ജനത്തിന് തക്കസമയത്ത് ഭക്ഷണം നൽകുന്നതിന്, തന്റെ ഭവനക്കാരുടെമേൽ ഭവന കാര്യനിർവഹകർ, കാര്യവിചാരകന്മാർ, ജീവസഹായത്തിന്റെ ചാലുകൾ എന്നീ നിലയിൽ ദൈവം വിശ്വസ്തരും വിവേകമുള്ളവരുമായ അടിമകളെ നിയമിച്ചിരിക്കുന്നു
- അവർക്ക് ഭക്ഷണം നൽകുക എന്നത് സഭയിൽ വിശ്വാസികൾക്ക് ജീവസഹായം എന്ന നിലയിൽ ദൈവവചനത്തെയും ക്രിസ്തുവിനെയും ശുശ്രൂഷിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്; ജീവന്റെ വചനത്തിൽ ദേഹരൂപം ചെയ്യുകയും സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്യുന്ന ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തുവാണ് നമ്മുടെ ഭക്ഷണം
- നമ്മുടെ യജമാനൻ വൈകുന്നുവെന്ന് ഹൃദയത്തിൽ പറയുന്നത് ഇപ്പോഴത്തെ ദുഷ്ടയുഗത്തെ സ്നേഹിക്കുകയും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്നതാണ്
- നമ്മുടെ കൂട്ടടിമകളെ അടിക്കുന്നത് നമ്മുടെ സഹവിശ്വാസികളോട് മോശമായി പെരുമാറുന്നതാണ്
- കുടിയന്മാരോടൊപ്പം തിന്നുകയും കുടിക്കുകയും ചെയ്യുന്നത് ലൗകിക കാര്യങ്ങളാൽ മത്തുപിടിച്ചിരിക്കുന്ന ലൗകിക ആളുകളുമായി സൗഹൃദം ഉണ്ടായിരിക്കുന്നതാണ്

[ജയിക്കുന്നവരായ ജീവസുറ്റ കൂട്ടങ്ങളാണ് ഇന്നത്തെ സീയോൻ. അടുത്ത പേജ് നോക്കുക] 👇

യെരൂശലേം പണിതിരിക്കുന്നത് ഒരു മലയുടെ മുകളിലാണ്. യെരൂശലേം നല്ലതാണെങ്കിലും, അത് കൊടുമുടിയല്ല. യെരൂശലേമിൽ ഒരു കൊടുമുടിയുണ്ട്, അതായത് സീയോൻ പർവ്വതം, അതിന്റെമേലാണ് ആലയം പണിയപ്പെട്ടത്. **ഇന്ന് പ്രത്യുദ്ധാരത്തിലെ നല്ല സാഹചര്യം യെരൂശലേം പോലെയാണ്. എന്നിരുന്നാലും, അവിടെ സീയോൻ ഇല്ല. പുതിയ നിയമത്തിൽ ജയാളികളെ സീയോനോട് ഉപമിച്ചിരിക്കുന്നു. വെളിപ്പാടു 14:1-ൽ നൂറ്റിനാൽപത്തിനാലായിരം ജയാളികൾ കേവലം യെരൂശലേമിൽ മാത്രമല്ല; അവർ സീയോന്റെ കൊടുമുടിയിലാണ്. ജയിക്കുന്നവരായ ജീവസുറ്റ കൂട്ടങ്ങളാണ് ഇന്നത്തെ സീയോൻ.** ജീവസുറ്റ കൂട്ടങ്ങളുടെ കൊടുമുടിയിൽ, അതായത് ജയാളികളുടെ സീയോനിൽ എത്തുവാൻ നിങ്ങളെ സഹായിക്കുക എന്നതാണ് ഇന്നത്തെ എന്റെ ഭാരം. നമുക്ക് നല്ലൊരു സഭാജീവിതം ഉണ്ടായിരിക്കാമെങ്കിലും, നമ്മുടെ ഇടയിൽ ശരീരജീവിതത്തിന്റെ ബോധ്യമോ പ്രായോഗികതയോ വാസ്തവികതയോ യാഥാർഥ്യമോ ഏതാണ്ട് ഇല്ലെന്നുതന്നെ പറയാം. ഇതാണ് ഇന്ന് പ്രത്യുദ്ധാരത്തിലെ ആവശ്യം.

കർത്താവിനെ സ്നേഹിക്കുകയും വിശ്വസ്തതയോടും ക്രമത്തോടും കൂടെ യോഗങ്ങളിൽ സംബന്ധിക്കുകയും ചെയ്യുന്ന **നല്ലവരായ ക്രിസ്ത്യാനികൾക്ക് എതിരെ പ്രധാനമായും മൂന്ന് ശത്രുക്കളാണുള്ളത്—മരണം, ശീതോഷ്ണത, ഫലമില്ലായ്മ.**

**ഒരുപക്ഷേ നിങ്ങളുടെ സ്ഥലത്തുള്ള പലരും കേവലം ഒരു പതിവ് സഭാജീവിതം നയിക്കുന്നവരായിരിക്കാം. ഈ പതിവ് സഭാജീവിതം നയിക്കുന്ന ജനമെല്ലാം തോൽപ്പിക്കപ്പെട്ടവരാണ്. അവർ ജയിക്കുന്നില്ല. എന്നാൽ ജീവസുറ്റവരാകുവാനുള്ള വഴി തിരഞ്ഞെടുക്കുവാൻ നിങ്ങൾ എഴുന്നേൽക്കണം.** അപ്പോൾ ഒരു ജീവസുറ്റ കൂട്ടത്തെ ഉളവാക്കുവാനും കെട്ടുപണി ചെയ്യുവാനും നിങ്ങളുടെ സ്ഥലം സഭയിൽ **നിങ്ങൾ ഒരു ജീവസുറ്റ വ്യക്തിയായിരിക്കും—[ജീവനുള്ളവനും സജീവമായി പ്രവർത്തിക്കുന്നവനും].** കർത്താവിന് തന്റെ നിത്യ വ്യവസ്ഥ നിവർത്തിക്കുവാൻ ഒരു വഴിയുണ്ടായിരിക്കുകയും ചെയ്യും.

നമുക്ക് എങ്ങനെ ജീവസുറ്റവരായിരിക്കാം എന്ന് ചിന്തിക്കേണ്ടതുണ്ട്. **ഒന്നാമതായി, കർത്താവിനെ ബന്ധപ്പെടുവാൻ നമുക്കൊരു സമയം ഉണ്ടായിരിക്കണം.** അപ്പോൾ നമ്മുടെ എല്ലാ പോരായ്മകളും തെറ്റുകളും തെറ്റായ പ്രവൃത്തികളും കുറവുകളും അകൃത്യങ്ങളും ലംഘനങ്ങളും കാണേണ്ടതിന് അവൻ നമ്മെ പ്രകാശിപ്പിക്കും. അവന്റെ മുൻപാകെ ഈ പ്രതിലോമകരമായ എല്ലാ കാര്യങ്ങളുടെയും സമഗ്രമായ പാപക്ഷമയും സമഗ്രമായ വെടിപ്പാക്കലും ഉണ്ടാകേണ്ടതിന് നാം കർത്താവിനോട് സമഗ്രമായ ഏറ്റുപറച്ചിൽ നടത്തണം. **പിന്നീട് സുവിശേഷത്തിൽ നിങ്ങളോടുകൂടെ അധ്വാനിക്കുവാൻ തക്കവണ്ണം ഒരു കൂട്ടാളിയെ തരുവാൻ നിങ്ങൾ കർത്താവിനോട് ചോദിക്കണം.** നിങ്ങൾക്ക് സമയമില്ല എന്ന് നിങ്ങൾ പറയരുത്. എല്ലാവരും തിരക്കിലാണ്. നിങ്ങളുടെ സമയം നിങ്ങൾ വീണ്ടെടുക്കുകയും ക്രമീകരിക്കുകയും വേണം. പല വഴികളിലൂടെ പാപികളെ ബന്ധപ്പെടുന്നതിനായി ഓരോ ആഴ്ചയിലും രണ്ട് മണിക്കൂർ നിങ്ങൾ മാറ്റിവെക്കണം. പുതിയ നിയമത്തിലെ ദൈവനിയോഗിതമായ വഴി, ബൈബിളധിഷ്ഠിതമായ വഴി സ്വീകരിക്കുവാൻ നിങ്ങൾ വില നൽകണം.

പുതിയ കൂട്ടങ്ങളെ രൂപീകരിക്കുന്നതിൽ നമ്മുടെ ഉദ്ദേശം ജയാളികളുടെ കൂട്ടങ്ങൾ ഉണ്ടായിരിക്കുക എന്നതാണ്. ഈ കൂട്ടങ്ങളെ "ജീവസുറ്റ കൂട്ടങ്ങൾ" എന്ന് വിളിക്കുന്നതിന്റെ കാരണം ഇതാണ്. നമുക്ക് ഇതിനകം തന്നെ ചില കൂട്ടങ്ങൾ ഉണ്ട്, നാം അവരെ മാനിക്കുകയും ചെയ്യുന്നു, എന്നാൽ കൂട്ടങ്ങളുടെ ഉദ്ദേശം നിവർത്തിക്കുവാനും നമ്മുടെ ഭാരം വിടുവിക്കുവാനുമായി ചില ജീവസുറ്റ കൂട്ടങ്ങളുടെ ആവശ്യം ഉണ്ട്. [ജീവസുറ്റ കൂട്ടങ്ങളുടെ ഉദ്ദേശ്യം, സ്വഭാവം, അവസ്ഥ എന്നിവ നാം കാണണം]

**ഉദ്ദേശ്യം**—ജീവസുറ്റ കൂട്ടങ്ങളുടെ ഉദ്ദേശ്യം ക്രിസ്തുവിന്റെ ശരീരത്തിന്റെ വർദ്ധനവും, തികഞ്ഞവരാക്കുന്നതും, കെട്ടുപണിയുമാണ് (പ്രവൃ. 2:46-47; എഫെ. 4:13). ജീവസുറ്റ കൂട്ടങ്ങൾ വർദ്ധനവ് നേടുവാനും, തികഞ്ഞവരാക്കുന്നതിനെ പൂർത്തിയാക്കുവാനും, കെട്ടുപണിയെ പൂർണ്ണമാക്കാനുമുള്ളതാണ്.

**സ്വഭാവം**—ജീവസുറ്റ കൂട്ടങ്ങളുടെ സ്വഭാവം ആത്മികമാണ് (പ്രവൃ. 13:52; 4:31b). ആത്മികമായിരിക്കുക എന്നാൽ അകമേയും പുറമേയും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നാണ് അർത്ഥം. എല്ലാ ദിവസവും, എല്ലാ രാവിലെയും, എല്ലാ വൈകുന്നേരവും പോലും നിറയപ്പെടുവാൻ നാം വ്യായാമം ചെയ്യണം.

**അവസ്ഥ**—ജീവസുറ്റ കൂട്ടങ്ങളുടെ അവസ്ഥ എന്നത് ഒരുമയിലും ഒരു മനസ്സിലും അന്യോന്യം സ്നേഹിക്കുന്നതാണ് (യോഹ. 13:34-35).

ആദ്യഫലം ദൈവത്തിന്റെ തൃപ്തിക്കായി അവന്റെ ആലയമായ മന്ദിരത്തിലേക്ക് കൊണ്ടുവരപ്പെട്ടു എന്ന് മുൻകുറിയിൽ നാം കണ്ടിട്ടുണ്ട്. ആദ്യഫലമെന്ന നിലയിൽ കർത്താവായ യേശുവിന്റെ കാര്യത്തിലും ഇത് സത്യമായിരുന്നു (1 കൊരി. 15:20, 23). തന്റെ പുനരുത്ഥാനത്തിന്റെ രാവിലെ, കർത്താവ് മറിയയെ തന്നെ തൊടുവാൻ അനുവദിച്ചില്ല. അവൻ അവളോട്: "എന്നെ തൊടരുത്, എന്തെന്നാൽ ഞാൻ ഇതുവരെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല" എന്ന് പറഞ്ഞു (യോഹ. 20:17). **തന്റെ പുനരുത്ഥാനത്തിലെ പുതുമ തന്റെ പിതാവിന് അർപ്പിക്കേണ്ടതുണ്ടെന്ന് കർത്താവ് ഇവിടെ സൂചിപ്പിക്കുകയായിരുന്നു, കാരണം അവന്റെ പിതാവായിരിക്കണം അവന്റെ പുനരുത്ഥാനത്തിന്റെ പുതുമ ആദ്യം രുചിച്ചറിയേണ്ടത്. കർത്താവിന്റെ ആസ്വാദനത്തിനായി പുതുമയുള്ളതും ഉറ്റതും സ്നേഹനിർഭരവുമായ രീതിയിൽ നമ്മെത്തന്നെ അവന് അർപ്പിക്കുവാൻ നാം പഠിക്കണം.** എന്തെങ്കിലും കാര്യത്തെ ഭയപ്പെടുന്നതുകൊണ്ട് മാത്രം ചില കാര്യങ്ങൾ ചെയ്യുവാനോ തൊടുവാനോ നാം വിസമ്മതിക്കുന്നുവെങ്കിൽ, നാം കർത്താവിനെ സ്നേഹിക്കുന്നവൻ എന്ന നിലയിൽ ഒരു ഉയർന്ന തലത്തിലല്ല ഉള്ളത്. മറിച്ച്, നാം കീഴെയുള്ള ഒരു താഴ്ന്ന തലത്തിലാണ് ആയിരിക്കുന്നത്. **ഭയം കൊണ്ടല്ല, മറിച്ച് കർത്താവിനോടുള്ള സ്നേഹം കൊണ്ട് ചില കാര്യങ്ങൾ ചെയ്യുവാൻ വിസമ്മതിക്കുന്ന പരമോന്നത തലത്തിൽ നാം ആയിരിക്കണം. നാം കർത്താവിനെ സ്നേഹിക്കുന്നതുകൊണ്ട്, നാം ചില കാര്യങ്ങൾ ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കും.** നമുക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കാം, അവ ചെയ്യുന്നത് തെറ്റായിരിക്കുകയുമില്ലായിരിക്കാം, എന്നാൽ കർത്താവായ യേശുവിനോടുള്ള നമ്മുടെ സ്നേഹം കൊണ്ട് മാത്രം, നാം അവ ചെയ്യുകയില്ല.